# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ-1884 — 04.10.2011-ൽ മറുപടിക്ക്

## ആലപ്പുഴ സ്വിമ്മിംഗ് പൂൾ പുനരുദ്ധാരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ | ശ്രീ. കെ. ബി. ഗണേഷ്കുമാർ<br>(വനവും സ്പോർട്സും<br>സിനിമയും വകുപ്പുമന്ത്രി) |
| (എ) ആലപ്പുഴ സ്വിമ്മിംഗ് പൂളിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പുനരുദ്ധരിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) ഉണ്ട്. നടപടി സ്വീകരിച്ചുവരുന്നു; |
| (ബി) ഇവിടെ നീന്തൽ പരിശീലനം നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ;<br><br>(സി) നീന്തൽ പരിശീലനം പുനരാരംഭിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) & (സി) ഇല്ല. സ്വിമ്മിംഗ് പൂൾ നീന്തൽ പരിശീലനത്തിന് ഉപയോഗിക്കുവാൻ കഴിയാത്ത അവസ്ഥയിലാണ്. നീന്തൽക്കുളം പൊതുജനങ്ങൾക്ക് ഉപയോഗിക്കാൻ അനുവദിക്കണമെന്നുള്ള ബഹു: കേരള ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ടി നീന്തൽക്കുളത്തിന്റെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനായി ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറിയോട് PWD-യുടെ സഹായത്തോടുകൂടി എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ